സ്പോർട്സ് 1/51523/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 30.08.2019.
ഫോൺ: 0471- 2580 534; dpisports@gmail.com.

# പരിപത്രം

വിഷയം : സ്പോർട്സ് & ഗെയിംസ് / കലോത്സവം 2019-20 വർഷത്തെ ഫണ്ട് ഓൺലൈൻ വഴി പണം അടയ്ക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1. ഈ ഓഫീസിലെ 21.08.2019 ലെ ഇതേ നമ്പർ പരിപത്രം.
2. 20.08.2019 ലെ വൈ(2)/25000/2019/ഡി.ജി.ഇ നമ്പർ സർക്കുലർ.

2019- 20 വർഷത്തെ സ്പോർട്സ് & ഗെയിംസ് / കലോത്സവ ഫണ്ട് ഓൺലൈനായി സ്വരൂപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സൂചനയിലെ സർക്കുലറുകൾ പ്രകാരം നൽകിയിരുന്നു. 31.08.2019 നു വരെയാണ് അതിനുള്ള സമയം അനുവദിച്ചിരുന്നത്. എന്നാൽ ഇനിയും പല സ്കൂളുകൾക്കും ഓൺലൈൻ വഴി പണം അടയ്ക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഫണ്ട് ഓൺലൈനായി അടയ്ക്കുന്നതിനുള്ള അവസാന തീയതി <u>07.09.2019</u> വരെ ദീർഘിപ്പിച്ചിരിക്കുന്നു. ഓൺലൈനായി പണം അടയ്ക്കുന്നതിനുള്ള ലിങ്കും, യൂസർ ഗൈഡും **www. education. kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഓൺലൈൻ മുഖാന്തിരം ഫണ്ട് അടയ്ക്കുന്നതിനുവേണ്ടി സ്കൂൾ കോഡ് എന്റർ ചെയ്യുമ്പോൾ സ്കൂളിന്റെ പേര് ലിസ്റ്റ് ചെയ്യാത്ത സാഹചര്യമുണ്ടെങ്കിൽ മാത്രമേ ഈ ഓഫീൽസിലേക്ക് ഇ-മെയിൽ മുഖാന്തിരം സ്കൂളിന്റെ ലിസ്റ്റ് എക്സൽ ഷീറ്റിൽ അയച്ചുതരേണ്ടതുള്ളു. ഓൺലൈൻ വഴി ഫണ്ട് അടയ്ക്കുമ്പോൾ ലഭിക്കുന്ന രസീത് അതാത് സ്കൂളുകളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ഈ വിവരങ്ങൾ എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകരേയും അടിയന്തിരമായി അറിയിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർസെക്കണ്ടറി വിഭാഗം).
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം).
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.